(ഡി) സഹകരണ കൺസ്യൂമർ മേഖല നിരവധി സാമ്പത്തിക പരിമിതികൾ ക്കിടയിലും പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം തടഞ്ഞുനിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമായ സ്ഥലങ്ങളിൽ എത്തിച്ച് വിപണനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൺസ്യൂമർ ഫെഡിന്റെ സാമ്പത്തിക മാന്ദ്യംമൂലം ചില അവശ്യസാധനങ്ങൾ ആവശ്യമായ അളവിൽ ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ ടി ന്യൂനത പരിഹരിക്കുന്നതിനായി സർക്കാർ ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരി ച്ചിട്ടുണ്ട്.

യുവജന പ്രോത്സാഹന പദ്ധതി

10 (*490) ശ്രീ. കെ. എസ്. ശബരിനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഷ്യൂബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കലാകായിക, സാമൂഹിക,മാധ്യമ രംഗങ്ങളിൽ മികച്ച പ്രവർത്തനം നടത്തുന്ന യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഷ്യൂബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമബോർഡ് 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ യുവ പ്രതിഭകൾക്ക് അവാർഡ് നൽകിവരുന്നു. കല, കായികം, സാമൂഹികപ്രവർത്തനം, മാധ്യമ പ്രവർത്തനം, സാഹിത്യം, സംരംഭകത്വം, കൃഷി എന്നീ 7 മേഖലയിൽ മികവ് തെളിയിച്ച 7 വ്യക്തികൾക്ക് പുരസ്കാരം നൽകിവരുന്നു. കൂടാതെ കലാകായിക മേഖലയിൽ കഴിവ് തെളിയിക്കുന്നതിനായി ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാന തലം വരെ കേരളോത്സവം, യുവ നേതൃത്വ പരിശീലന ക്യാമ്പുകൾ, യുവ മാധ്യമ പ്രവർത്തന ക്യാമ്പുകൾ, കൂടാതെ ചലച്ചിത്ര ശില്പശാല, വനിതാ ശില്പശാല, കാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരളസംസ്ഥാന യുവജനകമ്മീഷൻ കൃഷി, കല/സാംസ്കാരികം, കായികം, സാമൂഹ്യസേവനം, സംരംഭകത്വം എന്നീ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച യുവതി യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും ആദരിക്കുന്നതിനും യൂത്ത്ഐക്കൺ എന്ന പേരിൽ അവാർഡ് നൽകുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി നടപ്പിലാക്കുകയും മേൽ പരാമർശിച്ചിട്ടുള്ള മേഖലകളിൽ നിന്നുള്ള യുവപ്രതിഭകളെ തെരഞ്ഞെടുത്ത് അവാർഡ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) യുവജനങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിയെ ലക്ഷ്യമാക്കുക, അവരെ സാമൂഹിക-രാഷ്ട്രീയ-കായിക-കല-മാധ്യമ, കൃഷി, സംരംഭകത്വം എന്നീ രംഗങ്ങളിൽ പ്രോത്സാഹിപ്പിക്കുക, ഈ മേഖലകളിൽ യുവാക്കളെ കർമ്മ നിരതരാക്കുക, എന്നീ ലക്ഷ്യങ്ങളോടെ യുവജനക്ഷേമ ബോർഡും കേരളസംസ്ഥാന യുവജനകമ്മീഷനും ഈ പദ്ധതികൾവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2012 വർഷം മുതൽ സ്വാമി വിവേകാനന്ദ യുവ പ്രതിഭാ പുരസ്കാരം എന്ന പേരിൽ യൂത്ത് അവാർഡ് നൽകിവരുന്നു. സ്വാമി വിവേകാനന്ദ യുവപ്രതിഭാ പുരസ്കാരത്തിന് (സാഹിത്യം, കല, കായികം, കൃഷി, സംരംഭകത്വം, സാമൂഹ്യ പ്രവർത്തനം, മാധ്യമ പ്രവർത്തനം) പത്രപരസ്യം നൽകുകയും അവാർഡിനായി നിശ്ചിത അപേക്ഷാ ഫോമിൽ അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നു. അതാത് മേഖലയിൽ പ്രഗത്ഭരായ 3 വ്യക്തികളെ ജൂറി അംഗമായി ബോർഡിന്റെ ചെയർമാനായ ബഹു. യുവജനകാര്യ വകുപ്പുമന്ത്രി തെരഞ്ഞെടുക്കുന്നു. പ്രസ്തുത ജൂറി അംഗങ്ങൾ അപേക്ഷകൾ വിശകലനം ചെയ്യുകയും മികച്ച അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കുകയും ചെയ്യുന്നു. ലഭിച്ച അപേക്ഷയിൽ മികവുള്ളതും പ്രാപ്തിയുള്ളതുമായ അപേക്ഷകർ ഇല്ലെങ്കിൽ ജൂറിക്ക് നേരിട്ട് അപേക്ഷകൾ വാങ്ങാവുന്നതും പരിഗണിക്കാവുന്നതുമാണ്. കൂടാതെ യോഗ്യരായ അപേക്ഷകരുടെ അഭാവത്തിൽ ജൂറിക്ക് തന്നെ ഏറ്റവും ശ്രേഷ്ഠവും മികവുറ്റതുമായ അപേക്ഷകരെ അവാർഡിനായി നിർദ്ദേശിക്കാവുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് 50,001 രൂപയും പ്രശസ്തിപത്രവും നൽകി വരുന്നു.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മികച്ച യുവജന ക്ലബ്ബുകൾക്കും അവാർഡ് നൽകി വരുന്നു. ജില്ലാതലങ്ങളിൽ ലഭിക്കുന്ന അപേക്ഷ യുവജനക്ഷേമ ബോർഡിന്റെ ജില്ലാ യുവജനകേന്ദ്രംവഴി സ്വീകരിക്കുകയും ജില്ലാ കളക്ടർ ചെയർമാനായുള്ള ജൂറി, ലഭിച്ച അപേക്ഷകളിൽ നിന്ന് മികച്ച ക്ലബ്ബിനെ ജില്ലാതല യുവജനക്ലബ്ബ് അവാർഡിനായി തെരഞ്ഞെടുക്കുന്നു. ഇങ്ങനെ 14 ജില്ലകളിൽ നിന്നും അവാർഡിനർഹരായ ക്ലബ്ബുകളിൽ നിന്ന് ഏറ്റവും മികച്ച ക്ലബ്ബിനെ സംസ്ഥാനതല അവാർഡിനായി തെരഞ്ഞെടുക്കുന്നു. കൂടാതെ കേരളോത്സവം, ഗോത്രവർഗ്ഗ കലാമേള,

LIBRARY ARCHIVES Kerala Legislative Assembly

യുവമാധ്യമ പ്രവർത്തക ക്യാമ്പ്, ചലച്ചിത്ര ശില്പശാല, വനിതാ ശില്പശാല, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, അഡ്വഞ്ചർ കാർണിവൽ എന്നീ പ്രോഗ്രാമുകളും ബോർഡ് യുവജനങ്ങൾക്കായി നടത്തി വരുന്നു.

കേരളസംസ്ഥാന യുവജനകമ്മീഷൻ 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 1,00,000 രൂപ വകയിരുത്തിയിരുന്നു. കൃഷി, കല/സാംസ്കാരികം, കായികം, സാമൂഹ്യസേവനം, സംരംഭകത്വം എന്നീ മേഖലകളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ച യുവാക്കളെ അവാർഡിനായി തെരഞ്ഞെടുക്കുകയും അവർക്ക് 10,000 രൂപ വീതം ക്യാഷ് അവാർഡും ശിൽപവും നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പ സാമ്പത്തികവർഷവും നടപ്പിലാക്കാനാണ് കമ്മീഷൻ ഉദ്ദേശിച്ചിരിക്കുന്നത്. നടപ്പുവർഷം 20,000 രൂപ വീതം ക്യാഷ് അവാർഡും ശിൽപവും നൽകുന്നതാണ്.

ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജ്

11 (*491) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാക്ടിന്റെ പുനരുദ്ധാരണ പാക്കേജിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ യഥാസമയം പ്രാവർത്തികമാകാത്തത് കാരണം ഫാക്ട് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിന് സാധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഫാക്ടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും നിബന്ധനകൾ മുന്നോട്ടുവച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

(ഇ) പ്രധാന പൊതുമേഖലാ സ്ഥാപനമായ ഫാക്ടിനെ സംരക്ഷിക്കുന്നതിന് എന്തൊക്കെ ഉടൻ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly